ടെസ്റ്റുകൾ നടത്തുന്നതിനായി ജനങ്ങളിൽ ഭൂരിഭാഗവും പാരാമെഡിക്കൽ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ്. പക്ഷേ അവിടെ ഒരു സ്ഥലത്തുനിന്ന് ടെസ്റ്റ് ചെയ്ത് കിട്ടുന്ന റിസൽട്ടായിരിക്കില്ല മറ്റൊരു സ്ഥലത്ത് അതേ ടെസ്റ്റ് ചെയ്താൽ കിട്ടുന്നത്. വ്യത്യസ്തമായ റിസൽട്ടുകളാണ് ലഭിക്കുന്നത്. അതു പോലെ ഇതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ, സങ്കേതങ്ങളുടെ, സംവിധാനങ്ങളുടെ എല്ലാം ഒരു ആക്കുറസി ഇല്ലായ്മ വ്യാപകമായുണ്ട്. അതുകൊണ്ട് ഗവൺമെന്റ് മേഖലയിലും പ്രൈവറ്റ് മേഖലയിലുമുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഇക്കാര്യത്തിൽ ഒരു ഗുണപരമായ മാറ്റം, പെർഫെക്ഷൻ ഉറപ്പുവരുത്തുന്നതിന് കർശനനടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ സർക്കാർ മേഖലയിലുള്ള ലാബുകൾ, NABL എന്നിവയ്ക്ക് അക്രെഡിറ്റേഷൻ കിട്ടുന്നതിനുള്ള നടപടികളായതിനെത്തുടർന്ന് കുറേ ലാബുകൾക്ക് അക്രെഡിറ്റേഷൻ കിട്ടിയിട്ടുണ്ട്. ക്വാളിറ്റിയും അതുപോലെ ആക്കുറസിയും ഉണ്ടാക്കുക വളരെ പ്രധാനം തന്നെയാണ്. അതിന് നടപടി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഹിൽഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ

3 (*213) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹിൽഹൈവേയുടെ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്ത എത്ര ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ആകെ വേണ്ടിവരുന്നത് ;

(ഡി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഇതിനായി എന്ത് തുക ചെലവഴിച്ചു ;

(ഇ) ഈ വർഷം ഏതൊക്കെ പുതിയ ഘട്ടങ്ങൾക്ക് നിർമ്മാണാനുമതി നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിനായി ഈ വർഷം എന്തുതുക ചെലവഴിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലയിലെ പുറഞ്ഞാൺ മുതൽ ചമതച്ചാൽ വരെയുള്ള 14.650 കി.മീ. റോഡും വയനാട് റോഡ്സ് ഡിവിഷനിലെ മാനന്തവാടി-കൽപ്പറ്റ റോഡിന്റെ 0/00 കി.മീ. മുതൽ 24/670 കി.മീ. വരെയും കൽപ്പറ്റ-മേപ്പാടി റോഡിന്റെ 4/000 കി.മീ. മുതൽ 6/00 കി.മീ വരെയും ഹിൽ ഹൈവേയിലുൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചമതച്ചാൽ മുതൽ ഉളിക്കൽ വരെ 8 കി.മീ. റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിലെ കൂമൻതോട് മുതൽ അമ്പയത്തോട് വരെയുള്ള 39.50 കി.മീ. റോഡ്, കോഴിക്കോട് റോഡ്സ് ഡിവിഷന്റെ കീഴിലുള്ള തലയാട് മുതൽ കക്കാടംപൊയിൽ വരെയുള്ള റോഡ്, മുവാറ്റുപുഴ റോഡ്സ് ഡിവിഷൻ കീഴിലുള്ള ചെട്ടിനട മുതൽ എളമ്പാശ്ശേരി വരെയുള്ള 6.70 കി.മീ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തി പൂർത്തിയായാൽ മാത്രമേ ആകെ വേണ്ടി വരുന്ന ചെലവ് തിട്ടപ്പെടുത്തുന്നതിന് കഴിയുകയുള്ളൂ.

(ഡി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 19,68,170 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഹിൽഹൈവേയുടെ റോഡുകൾക്ക് നിർമ്മാണാനുമതി നൽകിവരുന്നു.

(എഫ്) ഹിൽഹൈവേയുടെ നിർമ്മാണ പ്രവർത്തികളെല്ലാം ആരംഭ ഘട്ടത്തിലായതുകൊണ്ട് ഈ വർഷം എത്ര തുക ചെലവാകുമെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

ശ്രീ. ടി. എൻ പ്രതാപൻ : സർ, ഹിൽഹൈവേയുടെ ആകെ ദൈർഘ്യം എത്ര കിലോമീറ്ററാണ്; കഴിഞ്ഞ 5 വർഷമായി അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഹിൽഹൈവേയ്ക്കുവേണ്ടി എത്ര തുക മാറ്റിവച്ചിട്ടുണ്ട്; തുക കാര്യമായി മാറ്റി വയ്ക്കാതിരിക്കാൻ കാര്യമെന്താണ്; ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഹിൽഹൈവേയ്ക്കുവേണ്ടി മാറ്റി വച്ചിട്ടുള്ള തുക എത്രയാണ് ; കേന്ദ്രസർക്കാരിന്റെ പി.എം.ജി.എസ്.വൈ. പദ്ധതി, ഭാരത് നിർമ്മാൺ യോജന എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് നബാർഡിന്റെ സഹായം ഹിൽഹൈവേയ്ക്കുവേണ്ടി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, 6-7-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മലയോര ഹൈവേയുടെ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളുടെ വികസനത്തിന് പരമാവധി പ്രയോജനപ്പെടുന്നവിധം കഴിവതും നിലവിലുള്ള പാതകളെ കോർത്തിണക്കിയാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. നാറ്റ്പാക്ക് ആണ് ഇതിന്റെ റിപ്പോർട്ട് സമർപ്പിച്ചത്. അത് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ മലയോര ഹൈവയുടെ ചില

LIBRARY ARCHIVES Kerala Legislative Assembly

ഭാഗങ്ങളുടെ പണികൾക്ക് ഇതിനകം തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. സമഗ്രറോഡ് നിർമ്മാണ പദ്ധതിയുടെ ഭാഗമായി പാറശ്ശാല മുതൽ കൊല്ലം അലിമുക്ക് വരെയുള്ള 125 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡിന് 253 കോടി രൂപയ്ക്ക് അനുമതി നൽകുന്നു.

ശ്രീ. ടി. എൻ പ്രതാപൻ : സർ, മാന്ദ്യവിരുദ്ധ പാക്കേജിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 2009-ലെ ബഡ്ജറ്റിൽ 3,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചു. ഇതിൽ 1,600 കോടി രൂപയ്ക്ക് മാത്രമാണ് ഭരണാനുമതി നൽകിയത്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പല പ്രവൃത്തികളും ഇപ്പോഴും തുടങ്ങിയിട്ടില്ല. തൃശൂർ ജില്ലയിൽ അഴിക്കോട്-ചാമക്കാല, ചാമക്കാല-ചേറ്റുവവരെയുള്ള തീരദേശ റോഡുകൾ ഉണ്ട്. ഈ തീരദേശ റോഡുകൾ വളരെ പ്രധാനപ്പെട്ടതാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ ടെണ്ടർ എടുത്തത് ഇതിന് സ്വന്തമായി നിർമ്മാണ പ്രവർത്തനം നടത്തുവാനുള്ള സൗകര്യമില്ല. അത് വേറെ സബ്കോൺട്രാക്ട് കൊടുക്കുകയാണ്. അങ്ങനെ സബ്കോൺട്രാക്ട് കൊടുത്ത പണികളൊന്നും ഈ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങാൻ പോലും സാധിക്കാത്ത രീതിയിൽ നിൽക്കുകയാണ്. അങ്ങയുടെ മന്ത്രിസഭയ്ക്ക് ഇനി ഏതാനും ദിവസങ്ങൾ മാത്രമാണ് ആയുസ്സുള്ളത്. ഇത്തരം പണികൾ തുടങ്ങാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഈ ചോദ്യം ഹിൽഹൈവേയുടെ കാര്യത്തെ സംബന്ധിച്ചാണ്. ഹിൽഹൈവേയുടെ കാര്യത്തിൽ, കാസർഗോഡ് മുതൽ പാറശ്ശാലവരെ ഓരോ ജില്ലയുടെയും എത്ര ദൈർഘ്യമുള്ള ഹിൽഹൈവേകളാണ് ഇപ്പോൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്, അംഗീകരിച്ചിട്ടുള്ളത് എന്നതിന്റെ വിവരം എന്റെ കൈവശമുണ്ട്. തൃശൂർ ജില്ലയിലാണെങ്കിൽ 40.5 കി. മീ ദൈർഘ്യം വരുന്ന റോഡുകളാണ് ഹിൽഹൈവേയുടെ പദ്ധതിയിൽ പ്പെടുത്തിയിരിക്കുന്നത്. അത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ നടപടികളാണ് ആരംഭിക്കാൻ പോകുന്നത്. ഇവിടെ മാന്ദ്യവിരുദ്ധപാക്കേജിന്റേയും കൺസ്ട്രക്ഷൻ കോർപ്പറേഷന്റേയുമൊക്കെ ചോദ്യം ചോദിച്ചു. അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് നൽകിയ മറുപടിയിൽ കണ്ണൂർ ജില്ലയിൽ 39.5 കി.മീ ദൈർഘ്യം വരുന്ന റോഡുകളാണെന്ന് പറഞ്ഞു. അതിനുശേഷം ഇപ്പോൾ എളമ്പാശ്ശേരി വരെയുള്ള 6.70 കി.മീറ്ററിന് ഭരണാനുമതി കൊടുത്തിട്ടുണ്ടെന്നാണ് പറഞ്ഞത്. അവസാനമായി പറയുന്നത് പാറശ്ശാല മുതൽ കൊല്ലം അലിമുക്ക് വരെയുള്ള 129 കി.മീ. ദൈർഘ്യമുള്ള റോഡ്, ഇതിനൊക്കെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നാണ് പറയുന്നത്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള അതിബൃഹത്തായ ഈ ഹിൽഹൈവേയിൽ 5 കൊല്ലക്കാലത്തിനുള്ളിൽ പൂർത്തിയാക്കിയ ഏതെങ്കിലും ഒരു ഭാഗമുണ്ടോ ; ഇങ്ങനെ ഇഴഞ്ഞു നീങ്ങാനുള്ള പ്രധാന കാരണമെന്തെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ: സർ, കണ്ണൂർ റോഡ് ഡിവിഷന്റെ കീഴിൽ 109.5 കി. മീ റോഡാണ് മലയോര പാതയുടെ ഭാഗമായിട്ടുള്ളത്. ഇതിൽ പുറഞ്ഞാൺ മുതൽ ചമതച്ചാൽ വരെയുള്ള 14.65 കി. മീ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. അതിവിടെ ഉത്തരത്തിൽ പറഞ്ഞു കഴിഞ്ഞു. സ്റ്റിമുലസ് പാക്കേജിൽപ്പെടുത്തി ചമതച്ചാൽ മുതൽ ഉളിക്കൽ വരെയുള്ള 8 കി.മീ റോഡിന്റെ പരിഷ്ക്കരണ പ്രവർത്തികൾക്കായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഞ്ച് കൊല്ലമല്ല, പത്ത് കൊല്ലമായാലും ആദ്യം പദ്ധതി അംഗീകരിക്കുക, ഭരണാനുമതി നൽകുക, സാങ്കേതികാനുമതി നൽകുക, ടെണ്ടർചെയ്യുക എന്നിങ്ങനെയാണ് നടപടിക്രമം. ഇതൊന്നുമില്ലാതെ കഴിഞ്ഞ കാലങ്ങളിൽ ചില നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് തറക്കല്ലിട്ടുണ്ട്. ആ ഒരു രീതി ഈ സർക്കാരിന്റെ കാലത്ത് ഉണ്ടാകില്ല.

ശ്രീ. കെ. രാജു: സർ, ഈ മലയോര ഹിൽഹൈവേയുടെ ഭാഗമായി പാറശ്ശാല മുതൽ കൊല്ലം അലിമുക്ക് വരെയുള്ള പണി ഏറ്റെടുക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ ഫൈനൽ അലൈൻമെന്റ് പൂർത്തീകരിച്ചിട്ടുണ്ടോ; വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദീകരിക്കാമോ ?

ശ്രീ. എം. വിജയകുമാർ: സർ, അതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റ് വർഷത്തിൽ തന്നെ അതിന്റെ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും.

ശ്രീ. ജി. കാർത്തികേയൻ: സർ, മലയോര പാതയുടെ യാത്ര വടക്കു നിന്ന് ആരംഭിച്ചിട്ടേയുള്ളൂ. തിരുവനന്തപുരത്ത് എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് പറയാൻ സാധിക്കുമോ ? ഇതെല്ലാം ലിസ്റ്റിൽ വന്നു എന്നുള്ളത് മാത്രമേയുള്ളൂ. അങ്ങ് പറഞ്ഞത് മലബാറിലെ ചില കാര്യങ്ങൾ മാത്രമാണ്.

ശ്രീ. എം. വിജയകുമാർ: സർ, അങ്ങ് മനസ്സിലാക്കേണ്ടത് കാസർഗോഡ് ജില്ലയിലെ നന്താരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെയുള്ള മലയോരപാതയാണ് ഇപ്പോൾ അംഗീകരിച്ചിരിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ മുൻഗണന നൽകിയിരിക്കുന്നത് പാറശ്ശാല മുതലാണ്. പാറശ്ശാല മുതൽ അലിമുക്ക് വരെയുള്ള 129 കി. മീ ദൈർഘ്യം വരുന്ന പാതയ്ക്ക് 253 കോടി രൂപയാണ് ഇപ്പോൾ നൽകുന്നത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഈ ഹിൽഹൈവേയിൽ പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്നതിനെ സംബന്ധിച്ചുള്ള ചില അവ്യക്തതകളുണ്ട്. പാലക്കാട് ജില്ലയിൽ നിന്ന് തൃശൂർ ജില്ലയിലേക്ക് കുതിരാൻ, വാണിയമ്പാറ, പട്ടിക്കാട് വഴിയാണോ അതോ പാലക്കാട് ജില്ലയിലെ മംഗലംഡാമിൽ നിന്ന് നേരെ ചാലക്കുടിയിലേയ്ക്കാണോ; അങ്ങനെയാണെങ്കിൽ വനത്തിലൂടെ പോകേണ്ടതായി വരും. അതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, പാലക്കാട് ജില്ലയിൽ മലയോര പാതയിൽ 20 റോഡുകളാണ് ഏറ്റെടുത്തിരിക്കുന്നത്. അത് 93.35 കി. മീ. ദൈർഘ്യം വരുന്ന റോഡുകളാണ്. അങ്ങ് ചോദിച്ച റോഡുകളുടെ കാര്യം ഞാൻ പ്രത്യേകം പരിശോധിച്ച് പിന്നീട് മറുപടി നൽകാം.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യനായ PWD മന്ത്രി യാഥാർത്ഥ്യം മറച്ച് വയ്ക്കുകയാണ്. 2006 ജനുവരിയിൽ, ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് അഞ്ച് മാസം മുമ്പ് ഈ ഹിൽഹൈവേയുടെ മുഴുവൻ റിപ്പോർട്ടും ഗവൺമെന്റിന് കൊടുത്തതാണ്. 5 കൊല്ലമായിട്ട് 1200 കിലോമീറ്ററിൽ ആകെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നത് 39 കി. മീ. മാത്രമാണ്. 5 കൊല്ലമായി ബഡ്ജറ്റിൽ ഒരു പൈസ വകയിരുത്തിയിട്ടില്ല. ഇങ്ങനെ ജനങ്ങളെ കബളിപ്പിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 1000 കോടി രൂപ കൃത്യമായി സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. അതിന്റെ 20 ശതമാനം വച്ച് നോക്കുമ്പോൾ 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകാൻ സാധിക്കും. അങ്ങനെ 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികളിൽ ഹിൽ ഹൈവേയിൽ 253 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡുകളിലെ അപകട മേഖലകൾ അപകട വിമുക്തമാക്കുന്നതിന് പദ്ധതി

4 (*214) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡുകളിലെ അപകട സാദ്ധ്യതാമേഖലകൾ അപകട വിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) റോഡു സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അപകട സാധ്യതയുള്ള മേഖലകളിൽ പ്രത്യേക മുന്നറിയിപ്പ് ബോർഡുകളും സിഗ്നലുകളും സ്ഥാപിക്കുമോ ;